(സി) ഇതിൽ പൂർത്തിയാകാത്ത പ്രവൃത്തികളുണ്ടോ :

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം : കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ബാലുശ്ശേരി അറപീടികയിലെ ഖാദിബോർഡിന്റെ തേൻ സംഭരണകേന്ദ്രം

134 (3343) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി അറപീടികയിലുള്ള ഖാദി ബോർഡിന്റെ കീഴിലുള്ള തേൻ സംഭരണ കേന്ദ്രത്തിൽ 2001-02, 2002-03, 2003-04 സാമ്പത്തിക വർഷത്തിൽ എത്ര തേൻ വീതം സംഭരിച്ചുവെന്ന് വെളിപ്പെടുത്തുമോ :

(ബി) ഓരോ വർഷത്തിലും ഈ കേന്ദ്രത്തിൽ സംഭരിച്ച തേനിൽ എത്ര രൂപയ്ക്ക് വീതം വില്പനയുണ്ടായി :

(സി) ഇപ്പോൾ എത്ര തേൻ സ്റ്റോക്കുണ്ട് എന്ന് വെളിപ്പെടുത്തുമോ :

(ഡി) ഈ തേൻ സംഭരണ കേന്ദ്രത്തിൽ തേൻ സൂക്ഷിക്കാനും കൂടുതൽ പാക്കിംഗ് സൗകര്യം ഉണ്ടാക്കുവാനും എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ)

വർഷം	സംഭരിച്ച തേൻ (കി.ഗ്രാം)
2001-02	74539.600
2002-03	42249.000
2003-04	23274.600

(ബി)

വർഷം	വിൽപ്പന (രൂപ)
2001-02	48,48,074
2002-03	35,91,000
2003-04	23,39,387

(സി) 31164.200 കിലോഗ്രാം തേൻ സ്റ്റോക്കുണ്ട്.

(ഡി) കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ സാമ്പത്തിക സഹായത്താൽ ഉദ്ദേശം ഒരു ലക്ഷം കിലോഗ്രാം തേൻ സംഭരിക്കുന്നതിന് ശേഷിയുള്ള പ്ലാന്റ്, പാക്കിംഗ്, മെച്ചപ്പെടുത്തുന്നതിനുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പദ്ധതിക്കുള്ള ആദ്യഗഡുവായി ജില്ലാ പഞ്ചായത്ത് 9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly